I ഇ.ബി. XIV-കേരള നിയമസഭ/XIX-4

# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 മാർച്ച് 05, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I തിരുത്തിയ ഉത്തരം

31-10-2019-ലെ നക്ഷത്രചിഹ്നമിടാത്ത 1295-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2019 ഒക്ടോബർ 31-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1295-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി. മിന്നൽ പണിമുടക്ക്

മി. സ്പീക്കർ: ഇന്നലെ തലസ്ഥാനത്തുണ്ടായ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെത്തുടർന്ന് ഒരു യാത്രക്കാരൻ യഥാസമയം ചികിത്സ ലഭിക്കാതെ മരണമടഞ്ഞതും പൊതുജനങ്ങൾക്ക് യാത്രാക്ലേശമുണ്ടായതും സർക്കാർ ഇക്കാര്യത്തിൽ യഥാസമയം ഇടപെടാത്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഇന്നലെ രാവിലെ 'സജിത്' എന്ന പ്രൈവറ്റ് ബസ് കിഴക്കേകോട്ട ബസ് സ്റ്റോപ്പിൽ നിന്ന് മാറി ഗാന്ധിപാർക്കിനു സമീപത്തു നിന്ന് യാത്രക്കാരെ കയറ്റിയെന്നും സമയക്രമം തെറ്റിച്ച് ബസ് ഓപ്പറേറ്റ് ചെയ്തുവെന്നും ആരോപിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരും സ്വകാര്യബസ് ജീവനക്കാരുമായി സംഘർഷമുണ്ടായത്. കുറ്റവാളികളായ കെ.എസ്.ആർ.ടി.സി. ജീവനക്കാരെ കസ്റ്റഡിയിലെടുത്തെന്ന കാരണം പറഞ്ഞ് മിന്നൽപണിമുടക്ക്

പ്രഖ്യാപിക്കുകയും കിഴക്കേകോട്ട മുതൽ തമ്പാനൂർ വരെ ബസ്സുകൾ നിയമവിരുദ്ധമായി പാർക്ക് ചെയ്ത് ഗതാഗതസ്തംഭനം സൃഷ്ടിക്കുകയും ചെയ്തു. ഈ സമയത്ത് കടകംപള്ളി സ്വദേശിയായ സുരേന്ദ്രൻ എന്നയാൾ കുഴഞ്ഞുവീണ് മരണമടയുകയുമുണ്ടായി. സംസ്ഥാനത്തെ ജനങ്ങളുടെ സ്വൈരജീവിതം തകർക്കുന്ന ഇത്തരം മിന്നൽസമരങ്ങൾ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കും. സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇന്നലെ തലസ്ഥാനത്തുണ്ടായ ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഗതാഗത വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും സഭയിലില്ലാത്തത് പ്രതിഷേധാർഹമാണ്. ലാഘവത്തോടുകൂടി ഈ പ്രശ്നത്തെ കണ്ടത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: വ്യക്തിപരമായ കാരണങ്ങളാൽ ഗതാഗത വകുപ്പുമന്ത്രിക്ക് സഭയിൽ ഹാജരാകാൻ സാധിച്ചില്ല. വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ മന്ത്രിയാണ് മറുപടി പറഞ്ഞത്.

ശ്രീ. എം. വിൻസെന്റ്: സമാനതകളില്ലാത്ത ഒരു സംഭവമാണ് ഇന്നലെ

സംസ്ഥാനത്ത് നടന്നത്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മിന്നൽ പണിമുടക്കുമൂലം രാവിലെ 9 മണി മുതൽ 3 മണിവരെ ആയിരക്കണക്കിന് യാത്രക്കാരാണ് ബുദ്ധിമുട്ടനുഭവിച്ചത്. യാത്രാക്ലേശംമൂലം കുഴഞ്ഞുവീണ കടകംപള്ളി സ്വദേശി സുരേന്ദ്രൻ യഥാസമയം ചികിത്സ ലഭിക്കാതെ മരണപ്പെട്ട അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തിനാണ് തലസ്ഥാനം സാക്ഷ്യം വഹിച്ചത്. യാത്രക്കാരെ വഴിയിലിറക്കിവിടുന്ന നിരുത്തരവാദപരമായ സമീപനമാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽനിന്നുമുണ്ടായത്. കിഴക്കേകോട്ട മുതൽ തമ്പാനൂർവരെ മെയിൻ റോഡിൽ ബസ്സുകൾ നിയമവിരുദ്ധമായി പാർക്ക് ചെയ്ത് ഗതാഗതസ്തംഭനം സൃഷ്ടിക്കുകയും മറ്റ് ഡിപ്പോകളിലേയ്ക്കും സമരം വ്യാപിപ്പിച്ച് നഗരജീവിതം പൂർണ്ണമായും സ്തംഭിപ്പിക്കുകയും ചെയ്ത ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. മരണമടഞ്ഞ വ്യക്തിയുടെ കുടുംബത്തിന് നഷ്ടപരിഹാരവും കുടുംബത്തിലെ അംഗത്തിന് സർക്കാർ ജോലിയും നൽകണം. സർക്കാരിന്റെ നിഷ്ക്രിയത്വത്തിന്റെയും കെടുകാര്യസ്ഥതയുടെയും ഫലമായുണ്ടായ ഈ സംഭവത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണം. മണിക്കൂറുകളോളം തലസ്ഥാന നഗരി സ്തംഭിക്കാനിടയായ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

(ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സംസ്ഥാനത്തിന് അപമാനകരമായ സംഭവമാണ് ഇന്നലെ നടന്നത്. കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയ്ക്കുവേണ്ടി ഏത് മന്ത്രിക്കും മറുപടി പറയാം. ഒരു വ്യക്തിയുടെ മരണത്തിനിടയാക്കിയ ഈ സംഭവം ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. യാതൊരുവിധത്തിലുള്ള അലംഭാവവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. സംഭവം അറിഞ്ഞയുടൻതന്നെ പ്രശ്നം പരിഹരിക്കുന്നതിന് ഗതാഗത വകുപ്പുമന്ത്രി നടപടി സ്വീകരിച്ചിരുന്നു. യാത്രക്കാരെ മുന്നറിയിപ്പില്ലാതെ വഴിയിലിറക്കി വിടുന്ന തെറ്റായ രീതി അംഗീകരിക്കാൻ കഴിയില്ല. കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസയമത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) തീരദേശ സംരക്ഷണ വിജ്ഞാപന വ്യവസ്ഥകളിൽ ഇളവ്

ശ്രീ. ആർ. രാമചന്ദ്രൻ: മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് തടസ്സമാകുന്ന തീരദേശ സംരക്ഷണ വിജ്ഞാപനത്തിലെ വ്യവസ്ഥകളിൽ ഇളവ് ലഭിക്കുന്നതിന് സംസ്ഥാന തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാനായി നിയോഗിച്ച ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ റിപ്പോർട്ട് കേന്ദ്രസർക്കാരിൽ സമർപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): 2011-ലെ തീരദേശ പരിപാലന നിയമപ്രകാരം വേലിയേറ്റ രേഖയിൽനിന്നും 500 മീറ്റർ കരഭാഗത്ത് കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾക്ക് നിയമാനുസൃതമായ അനുമതി വാങ്ങേണ്ടതുണ്ട്. 2019-ൽ ഭേദഗതി ചെയ്ത വിജ്ഞാപനപ്രകാരം തീരദേശ നിയന്ത്രണ മേഖലകളിലെ ജനസംഖ്യ അടിസ്ഥാനമാക്കി വേലിയേറ്റ രേഖയിൽനിന്നുള്ള ദൂരത്തിൽ ഇളവ് വരുത്തിയിട്ടുണ്ട്. തീരദേശ പരിപാലന നിയമപ്രകാരം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്; അത് സമർപ്പിക്കുന്ന മുറയ്ക്ക് ഇളവ് ലഭ്യമാകുന്നതാണ്.

(2) ഗതാഗത സുരക്ഷാ വിഷയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഗതാഗത സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ പ്രീ-പ്രൈമറിതലം മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗതാഗത, വിദ്യാഭ്യാസ വകുപ്പുകളും കേരള റോഡ് സുരക്ഷാ അതോറിറ്റിയും എസ്.സി.ഇ.ആർ.ടി.-യും സംയുക്തമായി തയ്യാറാക്കിയ റോഡ് നിയമങ്ങൾ സംബന്ധിച്ച 'സുരക്ഷിതയാത്ര' എന്ന കൈപ്പുസ്തകം സ്കൂളുകളിൽ ലഭ്യമാക്കുകയും റോഡ് സുരക്ഷാ ക്ലബ്ബുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## IV സബ്മിഷൻ

(1) ചാലക്കുടി സാങ്കേതിക സഹകരണ സംഘം

ശ്രീ. ബി. ഡി. ദേവസ്സി: ലിക്വിഡേഷൻ നടപടികൾക്ക് അംഗീകാരം നൽകി ചാലക്കുടി സാങ്കേതിക സഹകരണ സംഘത്തിന്റെ സ്ഥലം വ്യവസായ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ചാലക്കുടി സാങ്കേതിക സഹകരണ സംഘത്തിന്റെ

ലിക്വിഡേഷൻ നടപടികൾക്ക് അംഗീകാരം നൽകി സ്ഥലം വ്യവസായ വകുപ്പിൽ നിക്ഷിപ്തമാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ വ്യാവസായിക കേന്ദ്രം ജനറൽ മാനേജർ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾ പരിശോധിക്കാൻ വ്യവസായ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും ഭൂമി തിരിച്ചെടുത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(2) വസ്തുവിന്റെ പരിവർത്തനം

ശ്രീ. അൻവർ സാദത്ത്: ആലുവ നിയോജകമണ്ഡലത്തിൽ വീടുവയ്ക്കുന്നതിന് നിലം വാങ്ങിയ എസ്.സി. കുടുംബങ്ങളിൽപ്പെട്ട ആളുകളെ സഹായിക്കുന്നതിനും 2008-നുശേഷം വാങ്ങിയതും ബി.ടി.ആർ.-ൽ നിലമെന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ വസ്തുവിന്റെ പരിവർത്തനത്തിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ആലുവ ചൂർണ്ണിക്കര വില്ലേജിൽ ബ്ലോക്ക് 34 റീ-സർവ്വേ 276/10-ലുൾപ്പെട്ട ഭൂമി റവന്യൂ രേഖകൾപ്രകാരം നിലംതരത്തിൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ പാഡി ലാന്റായി ഉൾപ്പെട്ടിട്ടുള്ളതുമാണ്. നെൽവയലിന്റെ ഉടമസ്ഥന് വീടുവയ്ക്കാൻ പഞ്ചായത്ത് പ്രദേശങ്ങളിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ 5

സെന്റും വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്താൻ പ്രാദേശികതല നിരീക്ഷണ സമിതി ജില്ലാതല അധികൃത സമിതിക്ക് സമർപ്പിച്ച ശിപാർശ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും 12-08-2008-നുശേഷം നെൽവയൽ വാങ്ങിയവർക്ക് നിയമവ്യവസ്ഥയുടെയും കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വീടുനിർമ്മാണത്തിന് ജില്ലാതല അധികൃത സമിതിമുമ്പാകെ ശിപാർശ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(3) അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

ശ്രീ. കെ. എസ്. ശബരീനാഥൻ: അരുവിക്കര കുപ്പിവെള്ള പ്ലാന്റ് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): അരുവിക്കരയിൽ സ്ഥാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചെങ്കിലും യന്ത്രങ്ങളുടെയും കുപ്പികളുടെയും രൂപകൽപ്പനയിൽ ചില സാങ്കേതിക മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കൂടാതെ ബി.ഐ.എസ്. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും സ്വീകരിച്ചുവരികയാണ്. ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ സ്ഥാപനമായ കിഡ്ക്-നെ വ്യവസ്ഥകളോടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്കുകൂടി വരുമാനം ലഭിക്കുന്ന തരത്തിലാണ് ധാരണാപത്രം ഒപ്പുവയ്ക്കുന്നത്.

രണ്ട് മാസത്തിനുള്ളിൽ കുപ്പിവെള്ളം വിപണിയിൽ എത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(4) തൃപ്പൂണിത്തുറ ഇരുമ്പുപാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. എം. സ്വരാജ്: തൃപ്പൂണിത്തുറ, തൃക്കാക്കര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. തോമസ്: തൃപ്പൂണിത്തുറ, തൃക്കാക്കര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തൃപ്പൂണിത്തുറ-തൃക്കാക്കര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർനിർമ്മിക്കുന്നതിനായി 29 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി നൽകിയിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(5) കള്ള് ചെത്ത് വ്യവസായത്തിന്റെ പുനഃസംഘടന

ശ്രീ. സി. ദിവാകരൻ: കള്ള് ചെത്ത് വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കും പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കള്ള് ചെത്ത്

വ്യവസായത്തിന്റെയും ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കള്ളുചെത്ത് വ്യവസായത്തെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി Toddy Board രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കള്ളിന്റെ ഉത്പാദന-വിതരണ ചുമതലകൾ ചെത്ത് തൊഴിലാളി സഹകരണ സംഘത്തെ ഏൽപ്പിക്കണമെന്ന ശിപാർശ Toddy Board രൂപീകരിക്കുന്ന അവസരത്തിൽ പരിശോധിക്കുന്നതാണ്. കള്ള് ചെത്ത് തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും മദ്യനയത്തിൽ കള്ള് ചെത്ത് മേഖലയെ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

(6) <u>പരപ്പനങ്ങാടി ചാപ്പപ്പടി റോഡ് പുനർനിർമ്മാണം</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: മലപ്പുറം ജില്ലയിലെ ടിപ്പുസുൽത്താൻ റോഡിലെ പരപ്പനങ്ങാടി ചാപ്പപ്പടി ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): മലപ്പുറം ജില്ലയിലെ തീരദേശ റോഡായ ടിപ്പുസുൽത്താൻ റോഡിന്റെ പരപ്പനങ്ങാടി ചാപ്പപ്പടി ഭാഗത്തെ സംരക്ഷണഭിത്തി കടൽക്ഷോഭത്തിൽ തകരുകയും പൂർണ്ണമായും കടലെടുത്തുപോയ റോഡ് പുനർനിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്

പരിശോധിച്ചുവരികയുമാണ്. റോഡ് റീ-അലൈൻമെന്റിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ കടലെടുത്ത ഭാഗം റീക്ലെയിം ചെയ്ത് റീ-അലൈൻമെന്റ് നടത്തി പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിലാണ്.

(7) സൂര്യ സ്വാമിയുടെ സംരക്ഷണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയം തിരുനക്കരയിലെ സൂര്യ സ്വാമിക്ക് വീട് നിർമ്മിച്ച നൽകുന്നതിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): മാനസിക രോഗലക്ഷണമുള്ള തിരുനക്കരയിലെ സൂര്യ സ്വാമിക്കും കുടുംബാംഗങ്ങൾക്കും മറ്റ് ജീവിതമാർഗ്ഗമില്ലാത്ത സാഹചര്യം പരിഗണിച്ച് നിലവിലെ താമസസ്ഥലത്ത് കുടിവെള്ള-വൈദ്യുതി കണക്ഷനും റേഷൻ കാർഡും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന അദ്ദേഹത്തിന് ക്ലാർക്ക് തസ്തികയിൽ ജോലി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(8) ഏകാദ്ധ്യാപക സ്കൂളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം

ശ്രീ. സി. കെ. ഹരീന്ദ്രൻ: ഏകാദ്ധ്യാപക സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും

അടിയന്തര നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഏകാദ്ധ്യാപക സ്കൂളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് കുന്നത്തുമല ഏകാദ്ധ്യാപക വിദ്യാലയത്തിലെ അദ്ധ്യാപികയുടെ നിരാഹാരസമരം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ബദൽ വിദ്യാലയങ്ങൾക്കുള്ള ധനസഹായം സർവ്വ ശിക്ഷാ അഭിയാൻ നൽകേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾക്കുള്ള തുക സംസ്ഥാന ബജറ്റിൽ വകയിരുത്തി വരികയാണ്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ബദൽ വിദ്യാലയങ്ങളിലെ വോളന്റിയർമാർക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം നൽകിയിട്ടുണ്ട്. ശമ്പള കുടിശ്ശിക അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ തുടർപ്രവർത്തനങ്ങൾ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായി പരിഷ്കരിക്കുന്നതാണ്.

## (9) ജോലിക്കിടെ മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചറുടെ കുടുംബത്തിന് സഹായം

ശ്രീ. രാജു എബ്രഹാം: ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ കുത്തേറ്റ് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചറുടെ കുടുംബത്തിന് 50 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനും ആശ്രിതർക്ക് ജോലി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ കുത്തേറ്റ് മരണപ്പെട്ട ഫോറസ്റ്റ് ട്രൈബൽ വാച്ചർ എ. എസ്. ബിജുവിന്റെ കുടുംബത്തിന് റാന്നി എഫ്.ഡി.ഐ.-ൽനിന്നും 25,000/- രൂപ അനുവദിച്ചതിനുപുറമെ 1,00,000/- രൂപയും മറ്റ് എഫ്.ഡി.ഐ.-കളിൽനിന്ന് 1,00,000/- രൂപയും അനുവദിക്കാൻ തീരുമാനിക്കുകയും സർക്കിളിന് പുറത്തുള്ള എഫ്.ഡി.ഐ.-കളോട് ധനസഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അനുവദിക്കുന്ന 10,00,000/- രൂപയിൽ 5,00,000/- രൂപ വില്ലേജ് ഓഫീസറിൽനിന്നുള്ള അവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉടൻ നൽകുന്നതും ബാക്കി 5,00,000/- രൂപ തഹസീൽദാറിൽനിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ അനുവദിക്കാവുന്നതുമാണ്. മറ്റ് സർവ്വീസ്

ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കുടുംബാംഗത്തിന് ആശ്രിത നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(10) മണ്ണാർകാട് എം.ഇ.എസ്. കോളേജ് -പയ്യനാടം റോഡ്

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർകാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഏറ്റെടുത്ത എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡിന്റെ നിർമ്മാണ പ്രവൃത്തികളിലെ ദുരവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മണ്ണാർകാട്-എം.ഇ.എസ്. കോളേജ്-പയ്യനാടം റോഡിന്റെ നിർമ്മാണം ആരംഭിച്ച് രണ്ട് മാസത്തിനുള്ളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം ജാഗ്രതാനിർദ്ദേശവും ഫിനിഷ് റോഡ് ലെവലിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾ ചൂണ്ടിക്കാട്ടി 27-6-2019-ന് വിശദമായ ഒബ്സർവ്വേഷൻ മെമ്മോയും കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. ഡി.പി.ആർ.-ൽ നിന്നും വ്യത്യസ്തമായി നിർമ്മാണ പ്രവൃത്തികൾ നടത്തിയതിനാൽ നിർത്തിവച്ച പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി കൂടിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച പുതിയ പ്രൊഫൈൽ ഡ്രോയിംഗ് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണം പുനരാരംഭിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170 (1) അനുസരിച്ച് പതിനാലാം കേരള നിയമസഭയുടെ 19-ാം സമ്മേളനത്തിലെ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എൻ. വിജയൻ പിള്ള എന്നീ അംഗങ്ങൾ സമർപ്പിച്ച അപേക്ഷ സഭ പരിഗണിക്കുകയും ഹാജരാകാതിരിക്കാൻ അനുവാദം നൽകുകയും ചെയ്തു.

## VIII ധനകാര്യം

1) 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ
(1444,03,42,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ
(425,37,00,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വ്യവസായങ്ങൾ എന്ന XXXVII-നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. വി. കെ. സി. മമ്മത് കോയ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും കൂടുതൽ പേർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും കശുവണ്ടി/കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടി

സ്വാഗതാർഹമാണ്. കെ-സ്വിഫ്റ്റ് സംവിധാനം വിജയകരമാക്കിത്തീർത്തതും അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് ജില്ലാതല സമിതികൾ രൂപീകരിച്ചതും ലൈസൻസ് കാലാവധി അഞ്ച് വർഷമായി ദീർഘിപ്പിച്ചതും ഭരണനേട്ടങ്ങളാണ്. കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി കെട്ടിക്കിടക്കുന്ന കയർ ഏറ്റെടുക്കാനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനും ഉല്പാദനമേഖല ആധുനികവത്കരിക്കാനും നടപടി സ്വീകരിച്ചു. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ വൈവിദ്ധ്യവത്കരണം സാദ്ധ്യമാക്കുകയും കെൽപാമിനെ സംരക്ഷിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തത് സ്വാഗതാർഹമാണ്. സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങളും വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കാൻ മുൻകയ്യെടുക്കണം.

ശ്രീ. വി. ടി. ബൽറാം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന വ്യവസായ മേഖലയെ സംരക്ഷിക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും സർക്കാർ നടത്തുന്നില്ല. നവവ്യവസായ സംരംഭകരെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ASCEND 2020 KERALA-യിലെ നിക്ഷേപക സംഗമങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കണം. പാപ്പനംകോട്

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഗ്യാലക്സോൺ, സിംസ് ഇടപാടുകൾ സഭയിൽ ചർച്ച ചെയ്യാനും കെൽട്രോണുമായി ബന്ധപ്പെട്ട അഴിമതികളിൽ സമഗ്രാന്വേഷണം നടത്താനും തയ്യാറാകണം.

ശ്രീ. എൽദോ എബ്രഹാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കൽ, കൈത്തറി മേഖലയുടെ പുനരുജ്ജീവനം, ഗെയിൽ പദ്ധതി, ട്രാൻസ്ഗ്രിഡ് പദ്ധതി, പുരപ്പുറ സൗരോർജ്ജ പദ്ധതി, സൗജന്യ ഇന്റർനെറ്റ് മുതലായവ സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. വൈദ്യുതി ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുന്നതിന് സർക്കാർ തലത്തിലോ ജില്ലാതലത്തിലോ ഒരു കൺട്രോൾ റൂം ആരംഭിക്കണം. ഇലക്ട്രിക്കൽ സെക്ഷനുകളിലെ ജോലിഭാരത്തിനനുസൃതമായി ജീവനക്കാരുടെ എണ്ണം പുനഃക്രമീകരിക്കൽ, മൂവാറ്റുപുഴയിൽ ഒരു വൈദ്യുതിഭവൻ, തൃക്കളത്തൂരിൽ ഒരു സെക്ഷൻ ഓഫീസ് എന്നിവ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## 2) 2020-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-

ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജെയിംസ് മാത്യു: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൈവരിച്ച നേട്ടങ്ങളേക്കാൾ കൂടുതൽ നാലുവർഷംകൊണ്ട് ഈ സർക്കാർ നേടിയിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. അനുവദിച്ച തുക ചെലവഴിക്കാതെയും തദ്ദേശഭരണ സ്ഥാപനങ്ങളിലടക്കം വിഹിതം വെട്ടിക്കുറച്ച് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമൊരുക്കുകയും ചെയ്ത സർക്കാരാണിത്. നികുതിയിനത്തിൽ കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാൻ കഴിയാത്തത് നികുതി വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് വെളിവാക്കുന്നത്. കുട്ടികൾക്കെതിരെ ഏറ്റവും കൂടുതൽ അതിക്രമങ്ങൾ നടക്കുന്ന

സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുകയാണ്. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി (RERA)-യിൽ രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കാനും രജിസ്ട്രേഷൻ ഫീസ് കുറയ്ക്കാനും നടപടി സ്വീകരിക്കണം. ഫ്ലാറ്റ് വാങ്ങുന്നവർക്ക് അൺഡിവൈഡഡ് ഷെയറായി രജിസ്റ്റർ ചെയ്തുനൽകാൻ റൂൾസിൽ മാറ്റം വരുത്തണം.

ശ്രീ. ആർ. രാമചന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യങ്ങൾ നിരാകരിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പ്രതിസന്ധിക്കിടയിലും ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സർക്കാരിന് സാധിക്കുന്നുണ്ട്. ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കശുവണ്ടി മേഖലയുടെ വികസനത്തിന് കൂടുതൽ തുക അനുവദിക്കുകയും വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുകയും വേണം. ശാസ്താംകോട്ട കായൽ പൂർണ്ണമായും സംരക്ഷിക്കണം. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി അഞ്ച് വർഷത്തെ കെട്ടിട നികുതിയും ഭൂനികുതിയും ഒരുമിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കണം. കാർഷിക-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാൻ

സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വിവിധ ജങ്ഷനുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നുമുള്ള തുക ലഭ്യമാക്കണം. നെൽ കർഷകർക്ക് കൊടുക്കാനുള്ള ഉല്പാദന ബോണസും റബർ വിലസ്ഥിരതാ ഫണ്ടിന്റെ സബ്സിഡിയും വിതരണം ചെയ്യണം. കാർഷികമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പ്രളയത്തിൽ തകർന്ന വീടുകൾ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മുരളി പെരുനെല്ലി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാൻ ശ്രമിക്കുമ്പോഴും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചും വികസന പദ്ധതികൾ നടപ്പാക്കിയും പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്തിയും സർക്കാർ മുന്നോട്ടുപോകുകയാണ്. നെൽകർഷകർക്ക് റോയൽറ്റി നൽകുന്നതിനുള്ള തീരുമാനം ശ്ലാഘനീയമാണ്. മുടങ്ങിക്കിടന്ന ഗെയിൽ, ദേശീയ പാതാ വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും മലയോര/തീരദേശഹൈവേ, ദേശീയ ജലപാത തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിനുമുള്ള ശ്രമം അഭിനന്ദനാർഹമാണ്.

മുന്നാക്കക്കാരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി സംവരണം കൊണ്ടുവന്നതും പൗരത്വ നിയമഭേദഗതിക്കെതിരായി മാതൃകാപരമായ പ്രതിരോധം സംഘടിപ്പിച്ചതും എടുത്തുപറയത്തക്കതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിയുന്നില്ല. ചെറുകിട കച്ചവടസ്ഥാപനങ്ങളും ഹോട്ടലുകളും അടച്ചുപൂട്ടുകയും തൊഴിൽ നഷ്ടപ്പെടുന്നതുമായ സാഹചര്യമാണ് നിലവിലുള്ളത്. നികുതി കുടിശ്ശിക പിരിച്ചെടുത്ത് സാമ്പത്തികമാന്ദ്യം പരിഹരിക്കുന്നതിനു പകരം അധിക നികുതി ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എസ്.സി. വിഭാഗത്തിനും മത്സ്യത്തൊഴിലാളികൾക്കും ഭവനനിർമ്മാണ പദ്ധതിയിൽ മുൻകാലങ്ങളിൽ നൽകിയിരുന്ന പ്രത്യേക ആനുകൂല്യം പുന:സ്ഥാപിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതും പദ്ധതിച്ചെലവ് 30 ശതമാനം വെട്ടിക്കുറച്ചതും യാഥാർത്ഥ്യമാണ്. പി.ഡബ്ല്യു.ഡി. കരാറുകാരുടെ ബിൽ ഡിസ്കൗണ്ടിംഗ് കാലാവധി 6 മാസത്തേയ്ക്ക് നീട്ടിയിട്ടുണ്ട്. എൽ.എസ്.ജി.ഡി.-യിലും എ.ഡി.എസ്.-ലും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ കരാറുകാരുടെ പ്രശ്നങ്ങൾ

കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കരാറുകാരുടെ ബില്ലുകൾ മാറിനൽകുന്നതിന് വാട്ടർ അതോറിറ്റിയിലും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതാണ്. മാർച്ച് 31-ന് മുമ്പ് സമർപ്പിക്കുന്ന ബില്ലുകളുടെ തുക ഏപ്രിൽ, മേയ് മാസങ്ങളിൽ കൊടുക്കാമെന്ന് ഉറപ്പ് നൽകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് കൂടുതൽ ധനസഹായം നൽകുന്നതിനും ഭിന്നശേഷിക്കാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുക്കുന്നതാണ്. കാഷ്യൂ ബോർഡിന് തോട്ടണ്ടി വാങ്ങാൻ മതിയായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം ധനസ്ഥിതിയനുസരിച്ച് പരിഗണിക്കുന്നതാണ്. ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് തീരുമാനമെടുക്കുന്നതാണ്. റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2020-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 29-നെതിരെ 65 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(ധനകാര്യം തുടർച്ച)**

ശ്രീ. കെ. എൻ. എ. ഖാദർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൈദ്യുതിവിതരണം സ്വകാര്യ കമ്പനികൾക്ക് നൽകാനുള്ള കേന്ദ്ര നീക്കം ചെറുക്കണം. വൈദ്യുതി ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറി നൽകാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് പുതിയതായി എത്ര വ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞുവെന്നതിനെക്കുറിച്ച് വ്യക്തമാക്കണം.

കേരളം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കുന്നതിനും ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും പശ്ചിമഘട്ടത്തിൽ ഔഷധ സസ്യങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നട്ടുവളർത്തുന്നതിനും കേരളത്തിന്റെ തനത് കരകൗശല ഉൽപ്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. പുരുഷൻ കടലുണ്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ-വാണിജ്യരംഗത്ത് വമ്പിച്ച പുരോഗതി കൈവരിക്കാനും തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭ്യമാക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും സിഡ്കോയിൽ നവീകരണം ഏർപ്പെടുത്തുന്നതിനും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. വൈദ്യുത മേഖലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. പി. ജെ. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികാധിഷ്ഠിത വ്യവസായങ്ങൾ മെച്ചപ്പെടുത്താനും പാലുല്പാദന രംഗത്ത് നൂതന രീതികൾ ആവിഷ്കരിക്കാനും തടസ്സമില്ലാതെ വൈദ്യുതി വിതരണം നടത്താനും

ദേശീയ ജലപാത നിർമ്മാണം പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഖാദി, കൈത്തറി വസ്തുങ്ങളുടെ ഉപയോഗം വ്യാപകമാക്കുന്നതിനുള്ള നടപടികളും വൈദ്യുതി മേഖലയിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. കൈത്തറി വ്യവസായം വിപുലപ്പെടുത്തുന്നതിനും വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിനും യുവതലമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കത്തക്കവിധത്തിൽ ഐ.ടി. മേഖല വികസിപ്പിക്കുന്നതിനും  നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഏകജാലക ക്ലിയറൻസ് സംവിധാനം ശക്തവും ഫലപ്രദവുമാക്കണം. പാരിസ്ഥിതികാനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ നടപടി സ്വീകരിക്കാനും  പരിശോധനാ വിധേയമായി ക്വാറികൾക്ക് അനുമതി നൽകാനും തയ്യാറാകണം. പിറവത്ത് പ്രവർത്തിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് പരിസ്ഥിതി സൗഹൃദമാക്കുന്നതിനും  നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.  അടച്ചുപൂട്ടൽ ഭീഷണിയിലായ ബാലരാമപുരം സ്പിന്നിംഗ് മിൽ, കെൽപാം, കെ.എ.എൽ. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

കേരളത്തിൽ നിക്ഷേപ സാധ്യതകൾ വർദ്ധിച്ചതോടെ വ്യവസായ മേഖല ശക്തിപ്രാപിച്ചു. കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചതും ഫിലമെന്റ് രഹിത പദ്ധതിയും സോളാർ വൈദ്യുതി ഉല്പാദനവും അദാലത്തുകളിലൂടെ ഫയലുകൾ തീർപ്പാക്കിയതും വൈദ്യുതി മേഖലയിലെ അഭിമാനകരമായ നേട്ടങ്ങളാണ്.

ശ്രീ. വി. കെ. പ്രശാന്ത്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൊച്ചി-ഇടമൺ വൈദ്യുത പദ്ധതി പൂർത്തീകരിച്ചതും 'ദ്യുതി 2021', പുരപ്പുറ സൗരോർജ്ജ പദ്ധതി, ഫിലമെന്റ് രഹിത പദ്ധതി തുടങ്ങിയവ നടപ്പാക്കിയതുവഴി വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായാണ് വ്യവസായ വകുപ്പ് മുന്നോട്ടുപോകുന്നത്. കായികപ്രതിഭകൾക്ക് നിയമനം നൽകുന്നതിനും വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഖാദി വ്യവസായ ബോർഡിന്റെ 50 സെന്റ് സ്ഥലം ഏറ്റെടുത്ത് വ്യവസായ സംരംഭം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പ്രൊഫ. കെ. യു. അരുണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ- ആരോഗ്യ- വ്യാവസായിക- വൈദ്യുതി മേഖലകളിൽ കൈവരിച്ചിട്ടുള്ള

നേട്ടങ്ങൾ മാതൃകാപരമാണ്. ലഭ്യമായ വസ്തുക്കളുപയോഗിച്ചുകൊണ്ടുള്ള വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് പുതുതലമുറയ്ക്ക് അവബോധം നൽകുകയും കാർഷികാഭിവൃദ്ധി ലക്ഷ്യമാക്കി നെൽകർഷകരെ സഹായിക്കുന്നതിന് മുന്നോട്ടുവരികയും വേണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും 'പുരപ്പുറ സൗരോർജ്ജ പദ്ധതി ' പ്രവർത്തനമാരംഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സുസ്ഥിര വൈദ്യുത വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പവർ കട്ടും ലോഡ് ഷെഡിംഗും ഒഴിവാക്കിയ നടപടി ശ്ലാഘനീയമാണ്. ഇടമൺ കൊച്ചി പവർ ഹൈവേ പദ്ധതി പൂർത്തിയായതോടെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഇറക്കുമതിയും കയറ്റുമതിയും സ്വയംതൊഴിൽ വ്യവസായ സംരംഭകരെ ബാധിക്കുമെന്നതിനാൽ സർക്കാർ കൂടുതൽ ജാഗ്രത പുലർത്തണം. തൊഴിൽരഹിതരുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും വ്യവസായ സംരംഭകരെ സഹായിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാനുമുള്ള ഗവൺമെന്റിന്റെ ഇച്ഛാശക്തി അഭിനന്ദനാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ ശക്തമായ ഇടപെടൽ ആവശ്യമാണ്. കടുത്ത

പ്രതിസന്ധി നേരിടുന്ന തേയില വ്യവസായം നിലനിർത്തുന്നതിന് നയപരമായ ഇടപെടൽ അനിവാര്യമാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പാറ തേയിലത്തോട്ടങ്ങളിൽ ലഭ്യമാകയാൽ ടി സ്ഥലങ്ങൾ സർക്കാർ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൊണ്ടോട്ടിയിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വൻകിടക്കാരിൽനിന്നും വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കാതെ സാധാരണക്കാരുടെ മേൽ ചാർജ്ജ് വർദ്ധനവ് അടിച്ചേൽപ്പിക്കുകയും കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്ന നടപടിയിൽനിന്ന് സർക്കാർ പിന്മാറണം.

ശ്രീ. പി. കെ. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പരിമിതമായ സാമ്പത്തിക സ്രോതസ്സിനുള്ളിൽനിന്നുകൊണ്ട് വികസനനേട്ടങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. വ്യവസായ രംഗത്ത് വൻ നേട്ടമുണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും

സാധിച്ചിട്ടുണ്ട്. ഖാദി മേഖലയുടെ ഉന്നമനത്തിന് പ്രത്യേക ശ്രദ്ധ നൽകണം. വൈദ്യുതി നിയന്ത്രണം ഒഴിവാക്കുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം ഏർപ്പെടുത്തുന്നതിനും എല്ലാ മണ്ഡലങ്ങളിലും വൈദ്യുത അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്ന ആസൂത്രണ ബോർഡിന്റെ കണ്ടെത്തൽ പരിശോധിച്ച് നഷ്ടം നികത്തുന്നതിനും ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെ സംരക്ഷിക്കുന്നതിനും  നടപടി സ്വീകരിക്കണം. വൈദ്യുതി ചാർജ്ജ് വർദ്ധനവിലുൾപ്പെട്ട സെസ്സ് അടയ്ക്കുന്നതിനും ആഡിറ്റിംഗിന് വിധേയമാക്കുന്നതിനും തയ്യാറാകണം.  സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും  വൈദ്യുതി കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുത്ത് ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ജിൻഡാൽ കമ്പനിയുമായി ഒപ്പുവച്ച കരാർ രേഖകൾ മേശപ്പുറത്തുവയ്ക്കണം. ടാറ്റാ പവറിൽ നിന്നും വൈദ്യുതി വാങ്ങാൻ പവർ ട്രേഡിംഗ് കോർപ്പറേഷനുമായും എൻ.ടി.പി.സി.-യിൽനിന്നുമുള്ള വൈദ്യുതി ഒഴിവാക്കി സ്വകാര്യ കമ്പനികളുമായും കരാർ ഒപ്പുവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ട്രാൻസ്ഗ്രിഡ് പദ്ധതിയെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കണം. കോട്ടയം-കോലത്തുനാട് ലൈൻ പാക്കേജുകളിൽ സ്റ്റെർലൈറ്റ്, L&T കമ്പനികൾക്ക് ടെണ്ടർ തുകയിൽനിന്നും 50 മുതൽ 65

ശതമാനംവരെ വർദ്ധിപ്പിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെട്ട സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. നിക്ഷേപകരെ ആകർഷിക്കാൻ വ്യവസായ പാർക്കുകളടക്കം സാധ്യമായ സംവിധാനങ്ങളെല്ലാം ഒരുക്കിയിട്ടുണ്ട്. വിവിധ മേഖലകളിലായി അനവധി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചതുവഴി വൻ നിക്ഷേപമുണ്ടാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. നിക്ഷേപവുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി 2018-ൽ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കുകയും വ്യവസായ അനുമതിക്കായി ഓൺലൈൻ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആഗോള നിക്ഷേപക സംഗമം, ASCEND 2020 KERALA എന്നിവയിലൂടെ വ്യവസായ മേഖലയിൽ മാതൃകാപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചു. പാലക്കാട് ഡിഫൻസ് പാർക്ക്, തിരുവനന്തപുരം തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക്, മെഡിക്കൽ ഡിവൈസസ് പാർക്ക് ഇവയുടെ നിർമ്മാണപ്രവൃത്തി പുരോഗമിക്കുന്നതിനോടൊപ്പം വിവിധ തരത്തിലുള്ള 14 വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട നിരവധി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം

ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാനും ഒട്ടേറെ സ്ഥാപനങ്ങളെ വികസനത്തിന്റെ പാതയിലേയ്ക്കെത്തിക്കാനും സാധിച്ചു. കെ.എ.എൽ.' ഇ ഓട്ടോ' നിരത്തിലിറക്കുകയും 'ഇ ബസ്' നിർമ്മിക്കാനുള്ള തയ്യാറെടുപ്പ് നടത്തുകയുമാണ്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിനെ അത്യാധുനിക മരുന്ന് നിർമ്മാണ കമ്പനിയാക്കി ഉയർത്തിയിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകളെ നഷ്ടത്തിൽ നിന്നും കരകയറ്റുകയും വിദേശങ്ങളിലേയ്ക്ക് നൂൽ കയറ്റുമതി ആരംഭിക്കുകയും കണ്ണൂർ, ആലപ്പുഴ മില്ലുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുകയും ട്രിവാൻഡ്രം മിൽ യാൺ ബാങ്കിൽ നിന്ന് സൗജന്യ കൈത്തറി യൂണിഫോമിനുള്ള നൂൽ ഉൽപ്പാദിപ്പിച്ച് നൽകുകയും കെ.എസ്.ടി.സി.-ക്ക് കീഴിലുള്ള ഏഴ് മില്ലുകളിലായി 873 പേരെ പുതുതായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. BHEL-EML, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്നിവ ഏറ്റെടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴിയുടെ പ്രാരംഭഘട്ടത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതിനും ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനെ ലാഭത്തിലെത്തിക്കാനും മലബാർ സിമന്റ്സ് ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കാനും നടപടി ആരംഭിച്ചിട്ടുണ്ട്. ശബരിമല ഇടത്താവളങ്ങളിൽ എം.എസ്.എം.ഇ.

നടത്തിവരുന്ന പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനമേളയുടെ മാതൃകയിൽ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആറ്റുകാൽ മേള നടത്തുന്നതാണ്. സ്കൂൾ-കോളേജ് തലങ്ങളിലെ വിദ്യാർത്ഥികളെയും യുവ സംരംഭകരെയും ലക്ഷ്യമിട്ട് എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് ക്ലബ്ബുകൾ സജീവമാക്കുകയും തിരുവനന്തപുരത്ത് 'ഇ.ഡി ക്ലബ് കോൺക്ലേവ്' സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വട്ടിയൂർക്കാവിൽ ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെകീഴിലുള്ള ഭൂമി ഫലപ്രദമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. വടകരയിലെ കേരള ഹാന്റ്ലൂം സഹകരണ സംഘത്തിന്റെ വർക്ക്ഷെഡ് പുതുക്കിപ്പണിയുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. കരകൗശല മേഖലയിൽ ഓൺലൈൻ വില്പന സജീവമാക്കിയിട്ടുണ്ട്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിന് 54.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങളിലെ വൈദ്യുതി ബിൽ കുടിശ്ശിക സംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): ചർച്ചയിൽ ഉരുത്തിരിഞ്ഞിട്ടുള്ള ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. നിലവിൽ വൈദ്യുതി ബോർഡ്

മെച്ചപ്പെട്ട പ്രവർത്തങ്ങളാണ് കാഴ്ചവയ്ക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം, ലോഡ് ഷെഡ്ഡിംഗും പവർ കട്ടും ഒഴിവാക്കൽ എന്നീ പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാക്കിയ ഗവൺമെന്റാണിത്. വൈദ്യുതി ബോർഡ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് റിവ്യൂ ചെയ്യാൻ സർക്കാർ തയ്യാറാണ്. ആരോപണങ്ങളിലൂടെ വൈദ്യുതി വകുപ്പിനെ ഇകഴ്ത്തി കാണിക്കാനുള്ള ശ്രമത്തിൽനിന്ന് പ്രതിപക്ഷം പിന്മാറണം.

(ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശം ലംഘിച്ചുകൊണ്ടാണ് പവർ പർച്ചേസ് എഗ്രിമെന്റുണ്ടാക്കിയത്. ഈ സർക്കാരിന്റെ കാലത്ത് ഒരു കരാർ ഉണ്ടാക്കുകയോ പവർ പർച്ചേസ് നടത്തുകയോ ചെയ്തിട്ടില്ല. 1000 മെഗാവാട്ടിൽ കൂടുതൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ സംവിധാനം നിലനിർത്തുന്നതാണ്. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടുവർഷംകൊണ്ട് 3000 വിതരണ ട്രാൻസ്ഫോർമറുകളും 5000 കിലോമീറ്റർ 11 കെ.വി. ലൈനുകളും സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ടം 2021-ഓടെ പൂർത്തീകരിക്കുന്നതാണ്. പുകലൂർ-മാടക്കത്തറ ഹൈ വോൾട്ടേജ് ലൈനിന്റെ

നിർമ്മാണം പൂർത്തിയാക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.51-ന് പിരിഞ്ഞു.)

* * * * * *